## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

18.12.2014 -ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ : 4800

## സ്വകാര്യ വ്യക്തി കൈയേറിവച്ചിട്ടുള്ള സർക്കാർ ഭൂമി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ബി.സത്യൻ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) വർക്കല താലൂക്കിൽ ഒറ്റൂർ വില്ലേജിൽ റി.സർവ്വെ നമ്പർ 116/8 നോട് ചേർത്ത് ഒരു സ്വകാര്യ വ്യക്തി കൈയേറി വച്ചിട്ടുള്ള സർക്കാർ ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്തും എം.എൽ.എ യും നൽകിയ പരാതിയിൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ; പ്രസ്തുത ഭൂമി റിസർവ്വെ റക്കോർഡിലും വില്ലേജ് രജിസ്റ്ററിലും കാണുന്നത് സർക്കാർ പുറമ്പോക്ക് ആണെന്നാണോ; | (എ) ഒറ്റൂർ വില്ലേജിൽ റീസർവ്വെ നമ്പർ 116/8-ൽ പ്പെട്ട സർക്കാർ ഭൂമി തിരിച്ചു പിടിക്കുന്നതിനായി കയ്യേറ്റ ഭൂമി അളന്ന് തിട്ടപ്പെടുത്തുന്ന ജോലി നടന്നുവരുന്നു. റിക്കാർഡുകൾ പ്രകാരം റീസർവ്വേ നമ്പർ 116/8 സർക്കാർ ഭൂമിയാണ്. |
| (ബി) സ്വകാര്യ വ്യക്തി സർക്കാർ ഭൂമി കൈയേറിയാൽ കൈയ്യേറ്റം ഒഴിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) 1957-ലെ ഭൂസംരക്ഷണ നിയമപ്രകാരം B ഫോം നോട്ടീസ് നൽകി കക്ഷിയെ കേട്ട ശേഷം C ഫോം നോട്ടീസ് നടത്തി ഭൂമി ഏറ്റെടുക്കൽ നടപടി സ്വീകരിക്കും. |
| (സി) കരവാരം വില്ലേജിൽ വണ്ടിത്തടം ക്ഷീര സംഘത്തിന്റെ മുന്നിലുള്ള സർക്കാർ സ്ഥലം ഒരു വ്യക്തി കൈയേറിയത് ഒഴിപ്പിക്കാൻ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ? | (സി) കരവാരം വില്ലേജിൽ വണ്ടിത്തടം ക്ഷീര സംഘത്തിന്റെ മുന്നിലുള്ള സർക്കാർ സ്ഥലം ഒരു വ്യക്തി കയ്യേറിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതു തിരിച്ചു പിടിക്കുന്നതിനായി 1957-ലെ ഭൂസംരക്ഷണ നിയമപ്രകാരമുള്ള തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ